# സ്ത്രീ ഇസ്‌ലാമിൽ
# അവരെന്തു പറയുന്നു

"ചിലപ്പോൾ ഞാൻ ആലോചിക്കാറുണ്ട്: സ്ത്രീകൾക്ക് ക്രിസ്തുമതത്തിലുള്ളതിലേറെ സ്വാതന്ത്ര്യം ഇസ്‌ലാമിലാണ്. ഏക ഭാര്യാത്വം അനുശാസിക്കുന്ന മതത്തേക്കാൾ സ്ത്രീക്ക് സംരക്ഷണം നൽകുന്നതാണ് ഇസ്‌ലാം. സ്ത്രീകളെ സംബന്ധിച്ച ഖുർആനിലെ നിയമങ്ങൾ ഏറ്റം നീതിയുക്തവും സ്വതന്ത്രവുമാണ്. കഴിഞ്ഞ ഇരുപത് വർഷങ്ങളിലായാണ് ക്രൈസ്തവ ഇംഗ്ലണ്ട് സ്ത്രീക്ക് സ്വത്തവകാശം നൽകിയത്. ഇസ്‌ലാം അത് എക്കാലത്തും അവൾക്ക് നൽകിയിട്ടുണ്ട്. സ്ത്രീക്ക് ആത്മാവില്ല എന്നൊക്കെ ഇസ്‌ലാമിനു വാദമുണ്ടെന്ന് പറയുന്നത് അസംബന്ധമാണ്" (ഡോ. ആനിബസന്റ്- ദ ലൈഫ് ആന്റ് ടീച്ചിംഗ് ഓഫ് മുഹമ്മദ്- മദ്രാസ്, ജൂൺ 1932, പേജ് 25,26).

***** ***** *****

"സാമൂഹികമായോ ധർമശാസ്ത്രപരമായോ മതപരമായോ എങ്ങനെ വിലയിരുത്തിയാലും ബഹുഭാര്യാത്വം നാഗരികതയുടെ ഉന്നതമായ നിലവാരത്തിന് വിരുദ്ധമല്ല എന്ന് തെളിയിക്കാൻ കഴിയുന്നതാണ്. ......... അശരണരും അഗമ്യാഗാമികളുമായ സ്ത്രീകൾ പെരുകുന്നതിന് ബഹുഭാര്യാത്വം ഒരു പ്രായോഗിക പരിഹാരമാണ്. ഇതിന്റെ മറുവശം വർധമാനമായ വ്യഭിചാരവും വേശ്യാവൃത്തിയും വൃദ്ധകന്യകാത്വവുമാണ്"

(ക്ലാരെ മാക്ഫർലെൻ – ദ കെയ്സ് ഓഫ് പോളിഗമി, ലണ്ടൻ 1934, പേജ് 30).

***** ***** *****

"മുഹമ്മദീയരിൽ അധികപേരും എല്ലാ കാലങ്ങളിലും ഒരു ഭാര്യ മാത്രമുള്ളവരായിരുന്നു" (വില്യം കെല്ലിറൈറ്റ്- ഫിലോസഫി ഓഫ് റിലീജ്യൻസ്, ന്യൂയോർക്ക് 1935, പേജ് 508).

***** ***** *****

"അപ്രകാരം അദ്ദേഹം (മുഹമ്മദ്) സ്ത്രീകളുടെ പദവി ഉയർത്തുകയും ചെയ്തു. സ്ത്രീകൾക്ക് പള്ളിയിൽ പോകാൻ അദ്ദേഹം അനുമതി നൽകി. എങ്കിലും വീടാണ് അവർക്ക് ഉത്തമമെന്ന് തന്നെ അദ്ദേഹം വിശ്വസിച്ചു. സ്ത്രീകളോട് ദയാപൂർവമാണ് അദ്ദേഹം പെരുമാറിയിരുന്നത്.... അദ്ദേഹം കുട്ടികളുടെ കരച്ചിൽ കേട്ടാൽ നമസ്കാരം ചുരുക്കുമായിരുന്നു. ദീർഘിച്ചു നമസ്കരിക്കുന്നത് കുട്ടിയുടെ മാതാവിന് വിഷമമുണ്ടാക്കുമെന്ന് ഭയന്നിട്ടാണത്. പെൺകുട്ടികളെ കുഴിച്ചുമൂടുന്ന പതിവുണ്ടായിരുന്ന അറബികൾക്കിടയിൽ, അദ്ദേഹം അതവസാനിപ്പിച്ചു. നിയമ നടപടികളിലും സാമ്പത്തിക സ്വാതന്ത്ര്യത്തിലും സ്ത്രീക്ക് പുരുഷനൊപ്പം സ്ഥാനം നൽകി. അനുവദനീയമായ ഏതു ജോലിയും അവൾക്ക് ചെയ്യാം. സ്വന്തം സമ്പാദ്യം സൂക്ഷിക്കുകയും അനന്തരാവകാശം നൽകുകയും ചെയ്യാം. തന്റെ സ്വത്ത് അവൾക്ക് കൈമാറ്റം നടത്തുകയും ചെയ്യാവുന്നതാണ്. പിതാവിന്റെ മരണശേഷം സ്ത്രീയെ മകൻ സ്വന്തമാക്കുന്ന സമ്പ്രദായം അറബികളിൽ നിലനിന്നിരുന്നു. അദ്ദേഹം അത് നിർത്തലാക്കി. ഒരു ഹദീസിൽ ഇങ്ങനെയുണ്ട്: "നിങ്ങൾക്ക് ആവശ്യത്തിനു പുറത്തുപോകാം." അദ്ദേഹത്തിന്റെ കാലത്തും പിന്നീടുള്ള ഒരു നൂറ്റാണ്ടു കാലവും സ്ത്രീകൾ മൂടുപടം ധരിക്കാതെ സ്വതന്ത്രരായി പുറത്തിറങ്ങി നടന്നിരുന്നു" (വിൽഡുറാണ്ട്- എയ്ജ് ഓഫ് ഫെയ്ത്ത്, പേജ് 181-183).